പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 36 — 03/02/2020-ന് മറുപടിക്ക്

**സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി**

ചോദ്യം — ശ്രീ.കെ. ദാസൻ

ഉത്തരം — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പല സർക്കാർ വകുപ്പുകളിൽ നിന്നും ഇപ്പോഴും സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറത്തിറക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മാതൃഭാഷയിൽ ഇറക്കാൻ പറ്റുന്ന ഉത്തരവുകൾ പോലും ഇംഗ്ലീഷ് ഭാഷയിൽ പുറത്തിറക്കുന്ന വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും എതിരെ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (ബി) | ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ 4/02/2006 തീയതിയിലെ സ.ഉ (സാധാ) 21/2006/ ഉഭപവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിനു വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ ഇംഗ്ലീഷ് ഉപയോഗിക്കുന്ന പക്ഷം തിരുത്തൽനടപടികൾ കൈക്കൊള്ളുന്നതിന് കർശനനിർദ്ദേശം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ